പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1597 — 21.3.2012-ൽ മറുപടിയ്ക്ക്

## കൃഷിവകുപ്പിന്റെ ബഡ്ജറ്റ്

*ചോദ്യം*

ശ്രീ. സി. ദിവാകരൻ:

കൃഷിവകുപ്പിന്റെ ബഡ്ജറ്റ് കണക്കുകൾ യഥാർത്ഥസ്ഥിതി പ്രതിഫലിപ്പിക്കുന്നതാണോ; ഇതിന്റെ വരവ് സംബന്ധിച്ച കണക്കുകൾ ഒത്തുനോക്കി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

*മറുപടി*

**ശ്രീ. കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

കൃഷി വകുപ്പിന്റെ പദ്ധതി / പദ്ധതിയിതര ബഡ്ജറ്റ് കണക്കുകൾ പൊതുവെ യഥാർത്ഥ സ്ഥിതി പ്രതിഫലിപ്പിക്കുന്നതാണ്. എന്നിരുന്നാലും വർഷാന്ത്യം ചെലവുമായി നോക്കുമ്പോൾ ചില ബഡ്ജറ്റ് ശീർഷകങ്ങളിൽ എസ്റ്റിമേറ്റിനേക്കാൾ തുക അധികരിക്കുന്നതും ചിലതിൽ തുക മതിയാകാതെ വരുന്നതും കാണപ്പെടുന്നുണ്ട്. എന്നാൽ ഈ വ്യത്യാസം കൃഷി വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കുന്നില്ല.

നടപ്പുവർഷത്തെ വരവ് കണക്കുകൾ ഒക്ടോബർ മാസം വരെയുള്ളത് ഒത്തുനോക്കി ശരിയാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്, തുടർ മാസങ്ങളിൽ കണക്കുകൾ എത്രയും വേഗം ഒത്തുനോക്കി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ